"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറായി നിയമനം ലഭിച്ച ഡോ. റോസ് വർഗീസിന്റെ നിയമനത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.319/2026/AYUSH തീയതി,തിരുവനന്തപുരം, 20-06-2026

---

പരാമർശം:-
1. ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജ് മാനേജരുടെ 29.09.2025 തിയതിയിലെ VAC Proceedings No.A1/662/2025/VAC
2. കേരള ആരോഗ്യ സർവ്വകലാശാലയുടെ 28.01.2026 തിയതിയിലെ U.O No. 87/2026/academic/KUHS നമ്പർ ഉത്തരവ്
3. ആയുർവേദ മെഡിക്കൽ വിദ്യഭ്യാസ വകുപ്പ് ഡയറക്ടറുടെ 06.03.2026 തീയതിയിലെ ഇ4/964/2024/ഡിഎഎംഇ നമ്പർ കത്ത്

**ഉത്തരവ്**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിലെ രോഗനിദാനം വകുപ്പിൽ ഒഴിവുണ്ടായിരുന്ന അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് 11.06.2025 ലെ വിജ്ഞാപന പ്രകാരം അപേക്ഷകൾ ക്ഷണിക്കുകയും നിലവിലുള്ള നിയമമനുസരിച്ച് കേരള സർക്കാർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, കേരള ആരോഗ്യ സർവ്വകലാശാല പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി ഉദ്യോഗാർത്ഥികളുമായി ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്കുകാരിയായ ഡോ. റോസ് വർഗീസിനെ നിലവിലുള്ള നിയമ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് നിയമിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജ് മാനേജർ ഉത്തരവായിരുന്നു. 16.10.2025 മുതൽ ഡോ. റോസ് വർഗീസ് രോഗനിദാനം വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ടി നിയമനത്തിന് പരാമർശം (2) പ്രകാരം കേരള ആരോഗ്യ സർവ്വകലാശാലയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. പുതുതായി നിയമിതയായ അധ്യാപികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | തസ്തിക | വകുപ്പ് | പ്രവേശന തീയതി | യൂണിവേഴ്സിറ്റി അംഗീകരിച്ച തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഡോ. റോസ് വർഗീസ്, തൈയ്യിൽ ഹൗസ്, സി എൻ ആർ എ-10, മാനിടം റോഡ്, പുറനാട്ടുകര പി.ഒ, തൃശ്ശൂർ. 680551 | അസിസ്റ്റന്റ് പ്രൊഫസർ | രോഗനിദാനം | 16.10.2025 FN | 16.10.2025 FN |

2. മേൽ പരാമർശിച്ച അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനത്തിന് പ്രസ്തുത തീയതി മുതൽ സർക്കാർ അംഗീകാരം നൽകുണമെന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിൽ രോഗനിദാനം വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസറായി പരാമർശം (1) പ്രകാരം മേൽ പട്ടികയിൽ വിവരിക്കുന്നതനുസരിച്ച് ഡോ. റോസ് വർഗീസിന്റെ നിയമനത്തിന് അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VIJAIRAJ J
ജോയിന്റ് സെക്രട്ടറി

1. ബന്ധപ്പെട്ട വ്യക്തികൾക്ക് (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന).
2. ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
3. രജിസ്ട്രാർ കേരള ആരോഗ്യശാസ്ത്ര സർവകലാശാല, തൃശ്ശൂർ
4. മാനേജർ, വൈദ്യരത്നം ആയുർവേദ കോളേജ്, ഒല്ലൂർ, തൃശ്ശൂർ.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ), കേരള, തിരുവനന്തപുരം.
6. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A3/74/2026-AYUSH)

ഉത്തരവിൻ പ്രകാരം
**Signed by Baiju G**
**Date: 22-06-2026 16:54:25**
സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു. ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി